**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **04-07-2022 - ൽ മറുപടിയ്ക്ക്**

**കന്നിപ്പുറം- നെയ്യാറ്റിൻകര പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കന്നിപ്പുറം-നെയ്യാറ്റിൻകര പാലം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നപടികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര വില്ലേജിൽ കന്നിപ്പുറം പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 1.02.2018-ൽ അർത്ഥന നൽകിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ. എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി 26.02.2018-ൽ നിയമിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥല പരിശോധന നടത്തിയതിൽ ലഭ്യമായ റിക്വിസിഷനിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് റിക്വിസിഷൻ അതോറിറ്റിയെ വിവരം അറിയിച്ചതനുസരിച്ച് പുതുക്കിയ റിക്വിസിഷൻ 05.10.2020-ൽ ലഭ്യമാക്കുകയുണ്ടായി. LARR Act, 2013 പ്രകാരമുള്ള സാമൂഹിക ആഘാത പഠനം പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് ഭൂമിയേറ്റെടുക്കുന്നതിനായുള്ള 11(1) വിജ്ഞാപനം 18.11.2020 ലെ 2836 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് ഒരുവർഷത്തിനുള്ളിൽ റീഹാബിലിറ്റേഷൻ പാക്കേജ് അന്തിമമാക്കി 19(1) പ്രഖ്യാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ റീഹാബിലിറ്റേഷൻ പാക്കേജ് അന്തിമമാക്കാൻ സാധിക്കാതെ വന്നതിനാൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിലേക്കുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20/10/2021-ലെ സ.ഉ(അച്ചടി) നമ്പർ 147/2021/റവ പ്രകാരവും 11/05/2022-ലെ സ.ഉ(അച്ചടി) നമ്പർ 149/2022/റവ പ്രകാരവും ഒരു വർഷത്തേക്ക് കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പുനരധിവാസ പുനസ്ഥാപന പാക്കേജിന്റെ കരട് |

| | | | |
|---|---|---|---|
| | | | ശുപാർശ 09/02/2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ, പദ്ധതി പ്രദേശത്തെ അഡ്വക്കേറ്റ് ക്ലർക്കുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) No. 3508/2022-ലെ 01/04/2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ക്ലർക്കുമാരെ കൂടി ഉൾപ്പെടുത്തി പുനരധിവാസ കരട് പാക്കേജ് 08/06/2022-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്.. റീഹാബിലിറ്റേഷൻ പാക്കേജ് അംഗീകരിക്കുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ? | (ബി) | 2018 കാലയളവിലാണ് കന്നിപ്പുറം - നെയ്യാറ്റിൻകര പാലം നിർമ്മാണം സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ